# വ്യവസായ വാണിജ്യ ഡയറക്ടറുടെ നടപടിക്രമം

(അവതരണം : **VISHNURAJ P IAS**)

നം.**DIC/234/2023-EC4** തീയതി : **24-05-2025**

വിഷയം:- വ്യവസായം - ജീവനക്കാര്യം - വ്യവസായ വികസന ഓഫീസർ തസ്തികയിലേക്കുള്ള സ്ഥാനകയറ്റം പരിത്യജിക്കുന്നതിനുള്ള അപേക്ഷകൾ - പരിഗണിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്.

പരാമർശം:-
1. **1958** - ലെ കേരള സ്റ്റേറ്റ് & സബോർഡിനേറ്റ് സർവീസ് റൂളിലെ ഭാഗം **II** ചട്ടം **8.**
2. **07.12.1991** തീയതിയിലെ സ.ഉ.(അച്ചടി).നം.**39/91**/ഉ.പ.ഭ.വ നമ്പർ സർക്കാർ ഉത്തരവ്.
3. **30.11.2023** തീയതിയിലെ സ.ഉ.(അച്ചടി).നം.**17/2023.**/ഉ.പ.ഭ.വ നമ്പർ സർക്കാർ ഉത്തരവ്.
4. **31.07.2024** തീയതിയിലെ ഇതേ നമ്പർ ഉത്തരവ്.
5. **13.05.2025** തീയതിയിലെ ശ്രീ.മനോജ് കഞ്ഞിരത്തിൻ കീഴിൽ, സീനിയർ കോ-ഓപ്പറേറ്റീവ് ഇൻസ്പെക്ടറുടെ അപേക്ഷ.
6. **15.05.2025** തീയതിയിലെ ശ്രീ.സുരേഷ് കുമാർ.എസ്, സീനിയർ കോ- ഓപ്പറേറ്റീവ് ഇൻസ്പെക്ടറുടെ അപേക്ഷ.

## ഉത്തരവ്

മേൽ പരാമർശം പ്രകാരമുള്ള കേരള സ്റ്റേറ്റ് & സബോർഡിനേറ്റ് സർവീസ് റൂൾ - **1958** ഭാഗം **II** ചട്ടം **8**-ലെ വ്യവസ്ഥകളും പരാമർശം **(2)**, **(3)** പ്രകാരം സ്ഥാനകയറ്റം പരിത്യജിക്കുന്നതിനുള്ള മാനദണ്ഡം പരിഷ്കരിച്ചും സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ആയതിലെ വ്യവസ്ഥകൾ പ്രകാരം ശ്രീ.മനോജ് കാഞ്ഞിരത്തിൻകീഴിൽ, ശ്രീ.സുരേഷ് കുമാർ.എസ് എന്നീ സീനിയർ കോ-ഓപ്പറേറ്റീവ് ഇൻസ്പെക്ടർമാർ വ്യവസായ വികസന ഓഫീസർ തസ്തികയിലേക്കുള്ള സ്ഥാനക്കയറ്റവും അനുബന്ധ ആനുകൂല്യങ്ങളും പരിത്യജിക്കുന്നതിനുള്ള അപേക്ഷകൾ സമർപ്പിച്ച സാഹചര്യത്തിൽ പരാമർശം **(4)** പ്രകാരം ആയത് അനുവദിച്ച് ഉത്തരവായിരുന്നു. ടി ജീവനക്കാരുടെ വ്യവസായ വികസന ഓഫീസർ തസ്തികയിലേക്കുള്ള സ്ഥാനക്കയറ്റവും അനുബന്ധ ആനുകൂല്യങ്ങളും തുടർന്നും പരിത്യജിക്കുന്നതിനായിയുള്ള അപേക്ഷ പരാമർശം **(5)** & **(6)** പ്രകാരം ഈ ഓഫീസിലേക്ക് ലഭ്യമാക്കിയിരുന്നു.

മേൽ സാഹചര്യത്തിൽ സീനിയർ കോ-ഓപ്പറേറ്റീവ് ഇൻസ്പെക്ടർ തസ്തികയിൽ നിന്നും **₹50,200/-** - **₹105300/-** എന്ന ശമ്പള സ്കെയിലിലുള്ള വ്യവസായ വികസന ഓഫീസർ തസ്തികയിലേക്കുള്ള സ്ഥാനക്കയറ്റവും

അനുബന്ധ ആനുകൂല്യങ്ങളും പരിത്യജിക്കുന്നതിനായി വകുപ്പിലെ സീനിയർ കോ-ഓപ്പറേറ്റീവ് ഇൻസ്പെക്ടർമാർ സമർപ്പിച്ച അപേക്ഷകൾ പരാമർശം (1), (2), (3) പ്രകാരം വ്യവസ്ഥ ചെയ്തിട്ടുള്ള ചട്ടങ്ങൾ പ്രകാരം പരിഗണിച്ച് താഴെ പറയും പ്രകാരം ഉത്തരവാകുന്നു;

| ക്രമ നം. | ജീവനക്കാരന്റെ പേര് വിവരങ്ങൾ | സ്ഥാനകയറ്റം പരിത്യജിച്ച കാലയളവ് |
|---|---|---|
| 1. | ശ്രീ.മനോജ് കാഞ്ഞിരത്തിൻകീഴിൽ, സീനിയർ കോ-ഓപ്പറേറ്റീവ് ഇൻസ്പെക്ടർ, താലൂക്ക് വ്യവസായ ഓഫീസ്, വടകര. | **03.06.2025** മുതൽ **02.06.2028** വരെ |
| 2. | ശ്രീ.സുരേഷ് കുമാർ.എസ്, സീനിയർ കോ-ഓപ്പറേറ്റീവ് ഇൻസ്പെക്ടർ, പ്രോജക്റ്റ് ഓഫീസ് (കയർ), ചിറയിൻകീഴ്. | **14.06.2025** മുതൽ **13.06.2026** വരെ |

ടി ഉത്തരവ് പ്രകാരം വ്യവസായ വികസന ഓഫീസർ തസ്തികയിലേക്കുള്ള സ്ഥാനക്കയറ്റവും അനുബന്ധ ആനുകൂല്യങ്ങളും പരിത്യജിച്ച ജീവനക്കാരുടെ സേവനപുസ്തകത്തിൽ ഈ ഉത്തരവിന്റെ പകർപ്പ് ഉൾപ്പെടുത്തേണ്ടതും ആയത് സംബന്ധിച്ച് ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തിയിട്ടുണ്ടെന്നും നിയന്ത്രണാധികാരി ഉറപ്പ് വരുത്തേണ്ടതാണ്.

**VISHNURAJ P IAS**
**DIRECTOR**

Signed by
Vishnuraj P Ias
Date: 24-05-2025 13:15:05

സ്വീകർത്താവ്:- മേൽ പരാമർശിച്ച ജീവനക്കാർ (നിയന്ത്രണാധികാരി മുഖേന).

പകർപ്പ് :
1. ജനറൽ മാനേജർ, ജില്ലാ വ്യവസായ കേന്ദ്രം, കോഴിക്കോട്.
2. പ്രോജക്റ്റ് ഓഫീസർ, പ്രോജക്റ്റ് ഓഫീസ് (കയർ), ചിറയിൻകീഴ്
3. അസിസ്റ്റന്റ് ഡിസ്ട്രിക്റ്റ് ഇന്റസ്ട്രീസ് ഓഫീസർ, താലൂക്ക് വ്യവസായ ഓഫീസ്, വടകര.
4. ഇസി, ഇഇ, ഐടി സെക്ഷനുകൾ.

ഉത്തരവിൻ പ്രകാരം

അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്